ശബരിമല സംഭവം

*൯൨ ൦. (൯) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

ശബരിമല അത്യാഹിതത്തിനു് അന്വേഷണത്തിനു് നിശ്ചയിച്ച പ്രത്യേക ഉദ്യോഗസ്ഥന്മാർ ആരെല്ലാമാണു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള). ശ്രീ. കെ. കേശവമേനവനെയാണു് പ്രധാനമായി നിയമിച്ചിട്ടുള്ളതു്. സഹായത്തിനായി അദ്ദേഹത്തിനു് യുക്തമെന്നു തോന്നിയ ചുരുക്കം ചില കീഴ്സിൽബന്ധികളേയും എടുത്തിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ആ ഉദ്യോഗസ്ഥന്മാർ ഇപ്പോഴും ജോലി നോക്കിവരുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ജോലി നോക്കിവരുന്നുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ഇന്നത്തെ പത്രത്തിൽ ആ ഉദ്യോഗസ്ഥൻ ഈ കാര്യം സംബന്ധിച്ചുള്ള ഒരവസാന റിപ്പോർട്ട് സമർപ്പിച്ചു് അവധിയിൽ പ്രവേശിക്കാൻ പോകുന്നതായി ഒരു വാർത്ത പ്രസിദ്ധീകരിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഞാനതു കണ്ടില്ല.

ശ്രീ. ഇട്ടൂപ്പര അബൂക്കർ: റിപ്പോർട്ട് സമർപ്പിക്കാനാണോ ആ ഉദ്യോഗസ്ഥനെ നിയമിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള: കേസ്സിലെ കുറവാളികളെ കണ്ടുപിടിക്കാനാണു് നിയമിച്ചിട്ടുള്ളതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെയൊരു റിപ്പോർട്ടു് അദ്ദേഹം സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: എനിക്കറിവില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ശ്രീ. കേശവമേനവൻ അവധിക്കപേക്ഷിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതും എനിക്കറിവില്ല.

പോലീസു് ഡിപ്പാർട്ടമെൻറു്

*൯൨ ൧. (൧ ൦) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ). പോലീസു് ഡിപ്പാർട്ടമെണ്ടിൽ ഇൻസ്പെക്ടർ, ഹെഡ്കാൺസ്റ്റബിൾസു്, കാൺസ്റ്റബിൾസു് എന്നീ വിഭാഗങ്ങളിൽ അവശവർഗ്ഗങ്ങളിൽപെട്ടവർ എത്ര വീതമുണ്ടെന്നു പറയുമോ;

(ബി) പോലീസു് റിക്രൂട്ടമെൻറിൽ അവശസമുദായങ്ങൾക്കു് പ്രത്യേക പരിഗണന നല്കുന്നുണ്ടോ; ഉണ്ടെങ്കിൽ എതെല്ലാം ഇനത്തിൽ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) സബ്ബു് ഇൻസ്പെക്ടർ .. ൧.
ഹെഡ്കാൺസ്റ്റബിൾസു് .. ൧ ൫.
കാൺസ്റ്റബിൾസു് .. ൨ ൧൫.

LIBRARY ARCHIVES Kerala Legislative Assembly